[ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ പറയുന്നത് എന്താണെന്നു കേൾക്കുന്നതിനു മുമ്പാണ് [ശ്രീ. മാണി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്.

മി. സ്പീക്കർ: ഇങ്ങനെ ആയാൽ എല്ലാപേർക്കും വല്ലതും പറയാൻ കാണും.

[ശ്രീ. കെ. എം. മാണി: അദ്ദേഹത്തിന് സംസാരിക്കാൻ സമയം കൊടുക്കുകയാണെങ്കിൽ ഞങ്ങൾക്കും സമയം തരണം. അങ്ങനെ ഇത്തരം ഡിസ്കഷനിലേയ്ക്കു പോകട്ടെ.

([ശ്രീമതി. കെ. ആർ. ഗൗരി, [ശ്രീമാൻമാർ എ. വി. ആര്യൻ, പി. ഗംഗാധരൻ, ടി. കെ. രാമകൃഷ്ണൻ, ഇ. അഹമ്മദ്, കെ. എം. മാണി മുതലായവർ ഒരുമിച്ചെഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുന്നു.)

മി. സ്പീക്കർ: ദയവായിട്ട് ഇതു തുടർന്നുകൊണ്ടു പോകരുത്. ബഹുമാനപ്പെട്ട രാമകൃഷ്ണന്റെ കൈയിലുള്ള കടലാസും എന്റെ കൈയിൽ തന്നാൽമതി. ഈ വിഷയം എന്റെ സജീവമായ പരിഗണനയിൽ ഇരിക്കുകയാണ്. എല്ലാ ആളുകളെയും വിളിച്ചുചോദിച്ചു. ഇനി ഇക്കാര്യം ഉന്നയിക്കേണ്ട.

[ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇത് വേറെ പല പത്രത്തിലും .....

മി. സ്പീക്കർ: ഇങ്ങനെ ആയാൽ ഓരോരുത്തരും പറഞ്ഞു തുടങ്ങും.

[ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ കാര്യത്തിലുള്ള ചർച്ച അനുവദിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: ഞാൻ ഇനി ഈ കാര്യത്തെപ്പറ്റിയുള്ള ചർച്ച അനുവദിക്കുന്നില്ലെന്നു പറഞ്ഞുകഴിഞ്ഞു. ഇനി ചർച്ച അനുവദിക്കുന്നില്ല.

PAPERS LAID ON THE TABLE

Minister for Local Administration (**Shri K. Avukaderkutty Naha**): Sir, I lay on the Table a copy of the Notification G. O. (MS) No. 17/70/PW dated January 16, 1970 issued by the Government under sub-section (1) of Section 2 of the Kerala Public Services Act, 1968 (19 of 1968) containing amendments to the Kerala Engineering Service Rules.

LEGISLATIVE BUSINESS

The Kerala Gaming (Amendment) Bill

Minister for Home and Education (**Shri C. H. Mohammed Koya**): Sir, I present the Report of the Select Committee on the Kerala Gaming (Amendment) Bill, 1969.

Calling attention under Rule 61

Break down of the L. P. School at Edanila

മി. സ്പീക്കർ: ആർഡർ. ആർഡർ. നെടുമങ്ങാട് സബ് ജില്ലയിൽപ്പെട്ട ഇടനില എൽ. പി. സ്കൂളിൽ കഴിഞ്ഞ 23-ാം തീയതി സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കായികമത്സരങ്ങൾ നടക്കുമ്പോൾ ഒരു സംഘം റൗഡികൾ സ്കൂളിനുള്ളിൽ പ്രവേശിക്കുകയും പിഞ്ചു വിദ്യാർത്ഥികളെ

LIBRARY ARCHIVES Kerala Legislative Assembly